പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1477 **16-10-2026-ൽ മറുപടിയ്ക്ക്**

സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷനിലെ പിൻവാതിൽ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) കൃഷിവകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷന്റെ ഉന്നത തസ്തികകളിൽ ചട്ടങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച് നിയമനങ്ങൾ നടത്തിയതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള അഗ്രോ മെഷീനറി കോർപ്പറേഷനിലെ (കാംകോ) ജൂനിയർ ഉദ്യോഗസ്ഥനെ കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിയമിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

മറുപടി: കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ നിയമനത്തിനായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് -നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച് അടിയന്തരമായി സെലക്ട് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണെന്ന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സെലക്ട് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥിരം എം.ഡി. നിയമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിൽ മാനേജർ (Technical Civil) തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. കണ്ണൻ. എസ്. വെളിന്തറയെ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്കോ/ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷൻ & റിക്രൂട്ട്മെന്റ്) ബോർഡ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി ചുമതലയേൽക്കുന്നത് വരെയോ (ഏതാണോ ആദ്യം അതുവരെ) കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗമായും മാനേജിംഗ് ഡയറക്ടറായും താൽക്കാലികമായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) മതിയായ യോഗ്യതകളോ മാനദണ്ഡങ്ങളോ പരിഗണിക്കാതെ രാഷ്ട്രീയ സ്വാധീനത്താൽ മാത്രമാണ് പ്രസ്തുത വ്യക്തിക്ക് എം.ഡി. തസ്തികയിലേക്ക് നിയമനം നൽകിയതെന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) എങ്കിൽ ചട്ടവിരുദ്ധമായി നടത്തിയ ഈ നിയമനം അടിയന്തരമായി റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ